ഉത്തരം

(എ), (ബി) ഉണ്ട്.

(സി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ആക്ട് 1989-ൽ ആണ് പ്രസ്തുത വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടുള്ളത്. പ്രസക്ത ഭാഗം അനുബന്ധമായി ചേർത്തിരിക്കുന്നു. †

(ഡി) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങൾ ഒന്നും ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

തൊഴിൽരഹിതരുടെ എണ്ണം കണക്കാക്കുന്നതിനുള്ള മാനദണ്ഡം

71. [1853] ശ്രീ. ലോനപ്പൻ നമ്പാടൻ : തൊഴിൽ വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ തൊഴിൽരഹിതരുടെ എണ്ണം കണക്കാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം വ്യക്തമാക്കുമോ ;

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം 1996 ഫെബ്രുവരി 29 വരെ എത്രപേർക്ക് ഏതെല്ലാം മേഖലയിൽ പുതിയതായി തൊഴിൽ നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ തൊഴിൽ രഹിതരായി രജിസ്റ്റർ ചെയ്യുകയും രജിസ്ട്രേഷൻ യഥാകാലം പുതുക്കി കൊണ്ടിരിക്കുകയും ചെയ്യുന്നവരെയെല്ലാം തൊഴിൽ രഹിതരായി കണക്കാക്കുന്നു.

(ബി) ഈ മന്ത്രിസഭ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 1995 ഡിസംബർ വരെ 16331 പേർക്ക് തൊഴിൽ നൽകിയിട്ടുണ്ട്. ഇവരിൽ ഭൂരിഭാഗം പേർക്കും പൊതുമേഖലയിലാണ് തൊഴിൽ ലഭിച്ചിട്ടുള്ളത്. 29-2-1996 വരെയുള്ള കൃത്യമായ കണക്ക് മേഖലതിരിച്ച് രേഖപ്പെടുത്തി നൽകുന്നതാണ്.

ടൂറിസം വികസന ഏജൻസി

72. [1854] ശ്രീ. ജോർജ്ജ് ജെ. മാത്യു : തൊഴിൽ വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂറിസം വികസന ഏജൻസി രൂപവൽക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ എന്നാണ് രൂപവൽക്കരിച്ചത് ;

(സി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വെളിപ്പെടുത്തുമോ ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly